# പ്രകൃതിനിയമങ്ങൾ

പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുകൊണ്ടാണ് നമുക്ക് ജീവിക്കാനുള്ളത്. പ്രകൃതിയുടെ താളത്തിന് നമ്മുടെ ജീവിതത്തിന് സുപ്രധാന സ്ഥാനമുണ്ട്. അതിൻെറ സൗകര്യങ്ങളാണ് ഭൗതികജീവിതത്തിൻെറ സംതുലിതത്വം നിലനിർത്തുന്നത്.

മനുഷ്യൻ തൻെറ ജീവിതത്തിനാവശ്യമായ നിയമം എത്ര തന്നെ ഭംഗിയായി നിർമിച്ചാലും അത് പ്രകൃതിയുമായി ഏറ്റുമുട്ടുന്നതായാൽ അവൻെറ ജീവിതം താറുമാറാകും. കാരണം, അവനും പ്രകൃതിയും ഈ പ്രപഞ്ചത്തിൻെറ ഭാഗം തന്നെയാണ്.

പരസ്പരമുള്ള അവകാശങ്ങളിൽ കൈകടത്താതിരിക്കുന്നതും ജീവിതവൃത്തികളിൽ സഹകരിക്കുന്നതും പ്രകൃതിയുടെ ഭാഗം തന്നെയാണ്. അതിനെ മറികടക്കാൻ മുതിരുമ്പോഴാണ് നമ്മുടെ ജീവിതം ദുരന്തമായി മാറുന്നത്. ജീവിതത്തിന് സംതുലിതത്വം നല്കുന്ന ഈ പ്രകൃതിനിശ്ചയങ്ങളെയാണ് പ്രകൃതിനിയമങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രകൃതിനിയമങ്ങളെ മറികടക്കുന്നത് നീതിനിഷേധമാണ്. അക്രമമാണ്. കള്ള് കുടിക്കരുത്, വ്യഭിചരിക്കരുത് എന്നു തുടങ്ങി നാം കേൾക്കുന്ന ധാർമിക-ആത്മീയ ഉപദേശങ്ങൾ നമ്മുടെ ജീവിതം നല്ല നിലയിൽ മുമ്പോട്ടു കൊണ്ടുപോകുന്നതിനുള്ള പ്രകൃതിനിയമങ്ങളാണ്. ഈ നിയമങ്ങളെ തിരസ്കരിക്കുന്നതോടെ അനീതി ഉടലെടുക്കുന്നു. കുഴപ്പങ്ങൾ അതിൻെറ ഭാഗമായി നമ്മെ പിന്തുടരുന്നു. അത് ദൈവികനിശ്ചയമാകുന്നു.

അന്യരുടെ അവകാശങ്ങൾ ഹനിക്കുക, പൊതുതാല്പര്യങ്ങളെ മറികടന്നു പ്രവർത്തിക്കുക, ഉചിതമല്ലാത്ത രീതിയിൽ പ്രതികരിക്കുക, വഴിവിട്ട രീതിയിൽ പ്രവർത്തിക്കുക, പശ്ചപാതിത്തം ജീവിതരീതിയാക്കുക, അവിഹിതമായ ആധിപത്യം പുലർത്തുക, അനീതിക്ക് കൂട്ടുനില്ക്കുക, മനുഷ്യരടക്കമുള്ള സഹജീവികളോട് അനുഭാവം പുലർത്താതിരിക്കുക തുടങ്ങിയവയൊക്കെ പ്രകൃതിയോടുള്ള വെല്ലുവിളിയും നീതിനിഷേധവുമാകുന്നു. അതെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ സമൂഹത്തിൽ കുഴപ്പം സൃഷ്ടിക്കലാകുന്നു. ജനത്തെ മൊത്തം കൊന്നൊടുക്കുന്നതിനെക്കൾ ഭീകരമാകുന്നു സമൂഹത്തിൽ കുഴപ്പം വരുത്തിവെക്കൽ.

ഇന്ന് സമൂഹങ്ങളും വ്യക്തികളും ഇക്കാര്യത്തിൽ ഒരുപോലെ കുറ്റവാളികളാണ്. അനിയന്ത്രിതമായ ദേഹേഛയാണ് ഓരോരുത്തരെയും ഭരിക്കുന്നത്. വ്യക്തികൾ ദേഹേഛയുടെ പൂരണത്തിനു വേണ്ടി തെറ്റുകളിൽ ജീവിതം തീർക്കുമ്പോൾ ഭരണകൂടം അവരുടെ ഇഛകൾ പൊതുജനത്തിൻെറ നീതിനിഷേധത്തിലൂടെ പൂർത്തീകരിക്കുന്നു. ഇതു രണ്ടും ഫലത്തിൽ നീതിനിഷേധവും അക്രമവുമാകുന്നു.

നീതിക്കുവേണ്ടി ശബ്ദിക്കുന്ന വിശ്വാസസംഹിതകളും വ്യവസ്ഥിതികളും എമ്പാടുമുള്ള മണ്ണിലാണ് നാം ജീവിക്കുന്നത്. ഈ മണ്ണിൽതന്നെയാണ് നീതിക്കു വേണ്ടിയുള്ള അലമുറ ഉയർന്നുകേൾക്കുന്നതും.

ഓരോരുത്തരുടെയും അവകാശങ്ങളെ ആദരിക്കുവാനും ആശയപരമായ സഹവർത്തിത്വം വളർത്തുവാനും നാം ശീലിക്കണം. വ്യവസ്ഥിതികളും നിയമങ്ങളും ഉണ്ടായതുകൊണ്ട് കാര്യമില്ല. അതെപ്പറ്റി ബോധമുള്ള മനസ്സുകളുടെ അഭാവത്തിൽ നിയമങ്ങൾക്കും സംഹിതകൾക്കും ഒരു പ്രസക്തിയുമുണ്ടാകില്ല. പരസ്പരം സഹകരിച്ചു നീങ്ങുന്ന പ്രകൃതിയുടെ പാരസ്പര്യത്തെ കണ്ടറിഞ്ഞു ജീവിക്കുവാൻ നമുക്ക് സാധിക്കണം.